**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 147** **27-06-2022 - ൽ മറുപടിയ്ക്ക്**

**നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ആരോഗ്യ മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ആരോഗ്യരംഗവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി നീക്കി വച്ച തുക വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ നിയോജക മണ്ഡലം അടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | വിശദവിവരങ്ങൾ അനുബന്ധം (1)ഉം (2) ഉം ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | പാറശാല മണ്ഡലത്തിലെ അമ്പൂരി കുടുംബാരോഗ്യ കേന്ദ്രം സബ് സെന്ററിന് 50 ലക്ഷം രൂപയും, കടപ്പനമുട് സബ് സെന്ററിന് 27 ലക്ഷം രൂപയും നിർമ്മാണത്തിനും വികസനത്തിനുമായും അനുവദിച്ചിട്ടുണ്ട്. 17 ലക്ഷം രൂപ പൂഴനാട് കുടുംബാരോഗ്യകേന്ദ്രത്തിന് ബെയ്സ് ലൈൻ സപ്പോർട്ട് ഉള്ള ആംബുലൻസ് വാങ്ങുന്നതിനും അനുവദിച്ചു. 4,99,900/- രൂപയ്ക്ക് ചെമ്പൂർ എഫ്.എച്ച്.സി. യ്ക്ക് വേണ്ടി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനും 17,47,608/- രൂപയ്ക്ക് ആംബുലൻസ് വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പാറശാല മണ്ഡലത്തിൽ സ.ഉ.നം. 1555/2021/ആ.ക.വ, തീയതി, 26.07.2021 പ്രകാരം ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി സി.എച്ച്.സി. പെരുങ്കടവിളയെയാണ് തെരഞ്ഞെടുത്തിരുന്നത്. എന്നാൽ ഇതിന് പകരം മണ്ഡലത്തിലെ മറ്റൊരു സ്ഥാപനം നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത ഐസോലേഷൻ വാർഡ് ഏത് തരത്തിൽ | (സി) | സ.ഉ. (ആർ.റ്റി) നം. 1555/2021/ആ.ക.വ, തീയതി, 26.07.202। ഉത്തരവ് പ്രകാരം ഐസോലേഷൻ വാർഡ് നിർമ്മാണത്തിന് തിരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളിൽ sanctioned IPഇല്ലാത്ത സ്ഥാപനങ്ങളിൽ മൾട്ടി പർപ്പസ് pre-engineered |

| | | | |
|---|---|---|---|
| | സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | | buildingന്റെ നിർമ്മാണത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഐസോലേഷൻ വാർഡുകൾ pre-fabricated രീതിയിലുള്ള നിർമ്മാണമാണ് തിരുമാനിച്ചിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലേയും ഐസോലേഷൻ വാർഡ് സ്ഥാപിക്കുന്നതിലെ നിലവിലെ സ്ഥിതി അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| മണ്ഡലം | നീക്കി വച്ച തുക | പദ്ധതി |
|---|---|---|
| ചിറയിൻകീഴ് | 1747608/- (2021-22) | ചിറയിൻകീഴ് താലൂക്ക് ആശുപത്രിക്ക് വേണ്ടി ടാറ്റാ വിംഗർ ആംബുലൻസ് വാങ്ങി നൽകിയിട്ടുണ്ട് |
| | 4830000. (2020-21) | പുതുക്കുറിച്ചി, മംഗലാപുരം, അഞ്ചുതെങ്ങ് എന്നീ സാമുഹികാരോഗ്യ കേന്ദ്രങ്ങൾക്ക് വേണ്ടി ആംബുലൻസ് വാങ്ങി നൽകിയിട്ടുണ്ട്. |
| നെയ്യാറ്റിൻകര | 595850/- (2021-22) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയ്ക്ക് വേണ്ടി ബ്ലഡ് കളക്ഷൻ മോണിറ്റർ, എലീസ, റീഡർ എന്നിവ വാങ്ങി നൽകി. |
| പാറശ്ശാല | 7700000/- (2021-22) | അമ്പൂരി കടുംബാരോഗ്യ കേന്ദ്രത്തിന്റെ സബ് സെന്ററിന് 50 ലക്ഷം രൂപയും, കുടപ്പനമൂട് സബ് സെന്ററിന് 27 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| | 1700000 (2021-22) | ബെയ്സ് ലൈൻ സപ്പോർട്ട് ഉള്ള ആംബുലൻസ് പൂഴനാട് കടുംബാരോഗ്യ കേന്ദ്രത്തിന് അനുവദിച്ചു. |
| | 1747608/- (2021-22) | ചെമ്പൂർ എഫ്.എച്ച്.സി.ക്ക് വേണ്ടി ആംബുലൻസ് വാങ്ങിയിട്ടുണ്ട്. |
| | 4,99,900 (2020-21) | ചെമ്പൂർ എഫ്.എച്ച്.സി.യുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് അനുവദിച്ചു. |
| നെടുമങ്ങാട് | 5000000 (2021-22) | വെമ്പായം എഫ്.എച്ച്.സി.ക്ക് വേണ്ടി കെട്ടിട നിർമ്മാണത്തിനു തുക അനുവദിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| വട്ടിയൂർക്കാവ് | 1534000 (2019-20) | തിരുവനന്തപുരം ജനറൽ ആശുപത്രിക്ക് വേണ്ടി ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

ഐസൊലേഷൻ വാർഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ സ്ഥിതിവിവരങ്ങൾ.

| മണ്ഡലം | സ്ഥാപനം | ഏതു ഘട്ടം |
|---|---|---|
| ആറ്റിങ്ങൽ | സി.എച്ച് സി.കേശവപുരം | നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു |
| നേമം | സി.എച്ച്.സി.ഐരാണിമുട്ടം | നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു |
| കോവളം | സി.എച്ച്.സി. പൂവാർ | നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു |
| നെയ്യാറ്റിൻകര | സി.എച്ച്.സി.വെൺപകൽ | നിർമ്മാണ പ്രവർത്തനങ്ങൾക്കായി സജ്ജമാക്കിയ പദ്ധതി പ്രദേശം KMSCL ന് കൈമാറുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| വാമനപുരം | സി.എച്ച്.സി.പാലോട് | നിർമ്മാണ പ്രവർത്തനങ്ങൾക്കായി സജ്ജമാക്കിയ പദ്ധതി പ്രദേശം KMSCL ന് കൈമാറുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| കഴക്കൂട്ടം | സി.ഡി.എച്ച്.പുലയനാർകോട്ട | നിർമ്മാണ പ്രവർത്തനങ്ങൾക്കായി സജ്ജമാക്കിയ പദ്ധതി പ്രദേശം KMSCL ന് കൈമാറുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| വട്ടിയൂർക്കാവ് | ഡി.എം.എച്ച്. പേരൂർക്കട | പ്രസ്തുത സ്ഥാപനത്തിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ മണ്ഡലത്തിലുള്ള മറ്റൊരു സ്ഥലം മാറ്റി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| പാറശാല | സി.എച്ച്.സി.പെരുങ്കടവിള | പ്രസ്തുത സ്ഥാപനത്തിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ മണ്ഡലത്തിലുള്ള മറ്റൊരു സ്ഥലം മാറ്റി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| തിരുവനന്തപുരം | സി.എച്ച്.എസ്.വലിയതുറ | സ്ഥലം ലഭ്യമല്ല. ലഭ്യമായ മറ്റു സ്ഥാപനങ്ങൾ കണ്ടെത്തുന്ന നടപടികൾ പുരോഗമിക്കുന്നു. |
| അരുവിക്കര | സി.എച്ച്.സി.വെള്ളനാട് | സ്ഥലം ലഭ്യമല്ല. ലഭ്യമായ മറ്റു സ്ഥാപനങ്ങൾ കണ്ടെത്തുന്ന നടപടികൾ പുരോഗമിക്കുന്നു. |
| കാട്ടാക്കട | എഫ്.എച്ച്.സി.ആമച്ചൽ | സ്ഥലം ലഭ്യമല്ല. ലഭ്യമായ മറ്റു സ്ഥാപനങ്ങൾ കണ്ടെത്തുന്ന നടപടികൾ പുരോഗമിക്കുന്നു. |
| വർക്കല | എഫ്.എച്ച്.സി.ചെമ്മരുതി | നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| ചിറയിൻകീഴ് | എഫ്.എച്ച്.സി.മംഗലപുരം | നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| നെടുമങ്ങാട് | എഫ്.എച്ച്.സി.തോന്നയ്ക്കൽ | നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ